# Malayala Manorama

## 19 August 2018

## Chengannur, Flood, Rescue Operation, Students Trapped in Hostel

# ഹോസ്റ്റലിൽ കുടുങ്ങിക്കിടന്ന 13 വിദ്യാർഥികളെ രക്ഷിച്ചു

**മനോരമ ലേഖകൻ**

**ചെങ്ങന്നൂർ •** ഇരമല്ലിക്കര ശ്രീ അയ്യപ്പ കോളജിലെ വനിതാ ഹോസ്റ്റലിൽ കുടുങ്ങിപ്പോയ 30 വിദ്യാർഥികളിൽ 13 പേരെ നാവികസേനയുടെ ഹെലികോപ്ടറിൽ രക്ഷിച്ചു. കാലാവസ്ഥ അനുകൂലമല്ലാത്തതിനാൽ ശേഷിക്കുന്ന 15 കുട്ടികളെ രക്ഷിക്കുന്ന ദൗത്യം ഇന്നത്തേക്കു മാറ്റി. കുട്ടികളെ തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലാണ് എത്തിച്ചത്. ഇന്നത്തെ ആദ്യ രക്ഷാദൗത്യം കുടുങ്ങിക്കിടക്കുന്ന കുട്ടികളെ രക്ഷിക്കുന്നതിനാണെന്നു അധികൃതർ ഉറപ്പുനൽകിയെന്നു വിദ്യാർഥികൾ പറഞ്ഞു. രണ്ടു വിദ്യാർഥിനികളെ വീട്ടുകാർ തന്നെ രക്ഷപ്പെടുത്തിയിരുന്നു.

ഇന്നലെ വൈകിട്ടോടെയാണ് എയർലിഫ്റ്റ് വിജയകരമായി പൂർത്തിയാക്കിയത്. രാവിലെ ഹെലികോപ്ടറിൽ നിന്നു ഭക്ഷണവും വെള്ളവും ഇവർക്കു ലഭ്യമാക്കിയിരുന്നു. മുഴുവൻ കുട്ടികളെയും ഇന്നലെ രക്ഷിക്കാൻ പദ്ധതിയിട്ടിരുന്നു. കൂടുതൽ സമയം അന്തരീക്ഷത്തിൽ നിൽക്കാൻ അധിക ഇന്ധനം വേണ്ടി വരുമെന്നതിനാലാണ് ഹെലികോപ്ടർ തിരുവനന്തപുരത്തേക്കു മടങ്ങിയത്.

ഇതിനിടെ ഹെലികോപ്ടർ താഴ്ന്നു വരുമ്പോൾ തങ്ങളുടെ വീടുകളെ ബാധിക്കുമെന്നു പറഞ്ഞു കോളജിലെ ദുരിതാശ്വാസ ക്യാംപിലുണ്ടായിരുന്ന ചില സ്ത്രീകൾ തങ്ങളെ ഉപദ്രവിച്ചതായി രക്ഷപ്പെട്ട വിദ്യാർഥിനികൾ പരാതിപ്പെട്ടു. നേരത്തെ രണ്ടു പേരെ വീട്ടുകാരെത്തി കൊണ്ടുപോയപ്പോഴും നാട്ടുകാരുമായി തർക്കമുണ്ടായിരുന്നു. ചില പുരുഷന്മാർ അപമര്യാദയായി പെരുമാറിയെന്നും വിദ്യാർഥികൾ ആരോപിച്ചു.